# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 06.02.2019 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ. 2026

### തലസ്ഥാന നഗരിയിലെ അനധികൃത പാർക്കിംഗ്

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | തലസ്ഥാന നഗരിയിൽ അട്ടക്കുളങ്ങര മുതൽ യു.എ.ഇ എംബസിക്ക് മുന്നിലൂടെ പോകുന്ന ഇടുങ്ങിയ റോഡിന്റെ ഇരുവശങ്ങളിലും പകൽ സമയത്തും രാത്രിയിലും അനധികൃത പാർക്കിംഗ് നടത്തുന്നതിന് പിഴ ഈടാക്കാൻ നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ നിയമലംഘകരായ സാധാരണക്കാരിൽ നിന്ന് മാത്രം പിഴ ചുമത്തി നാമമാത്രമായി നിയമം നടപ്പാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ; | (എ) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടക്കുളങ്ങര മുതൽ യു.എ.ഇ കോൺസുലേറ്റ് വരെയുള്ള റോഡിൽ അട്ടക്കുളങ്ങര ജംഗ്ഷനിലും മണക്കാട് ജംഗ്ഷനിലും ട്രാഫിക് പോയിന്റ് ഡ്യൂട്ടിക്കായി മൂന്ന് പോലീസുദ്യോഗസ്ഥരെ സ്ഥിരമായി നിയമിച്ചിട്ടുള്ളതും കൂടാതെ തിരക്കുള്ള സമയങ്ങളിൽ Traffic Enforcement-ന്റെ വാഹനങ്ങളിൽ പട്രോളിംഗും ബൈക്ക് പട്രോളിംഗും നടത്തിവരാറുണ്ട്. ഈ പ്രദേശങ്ങളിൽ അനധികൃതമായ പാർക്കിംഗുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ 2295 വാഹനങ്ങൾക്ക് പിഴ ചുമത്തിയിട്ടുള്ളതും 34 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. |
| (ബി) | ഈ റോഡിലൂടെ വിഴിഞ്ഞം, കോവളം, ആറ്റുകാൽ, ബീമാപള്ളി, ചാല തുടങ്ങിയ പ്രധാനപ്പെട്ട ഇടങ്ങളിലേയ്ക്ക് യാത്ര ചെയ്യേണ്ടവർക്ക് ഇവിടങ്ങളിലെ അനധികൃത പാർക്കിംഗ് മൂലം നേരിടേണ്ടിവരുന്ന ദുരിതം അകറ്റാൻ കർശന നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | (ബി) | പ്രസ്തുത റോഡിൽ അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനായി യു.എ.ഇ കോൺസുലേറ്റിന് മുൻവശം റോഡിൽ No Parking ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതും, ഗതാഗതം സുഗമമാക്കാൻ വേണ്ടി ട്രാഫിക് ക്രമീകരണങ്ങൾ നടത്തി വരുന്നതുമാണ്. ടി ഭാഗത്ത് ട്രാഫിക് സെക്ടർ ചാർജ് വഹിക്കുന്ന സബ് ഇൻസ്പെക്ടർ പട്രോളിംഗ് നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ No Parking Sticker പതിച്ച് ഫൈൻ ഈടാക്കി കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

12

സെക്ഷൻ ഓഫീസർ